**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2471** **27-02-2023 - ൽ മറുപടിയ്ക്ക്**

**ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിലെ പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ (മീറ്റർ കമ്പനി) സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കിന്റെ ഡി.പി.ആർ. സംബന്ധിച്ച വിശദാംശം ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ; | (എ) | 2022-23 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകളുടെ ഭാഗമായുള്ള പൈലറ്റ് പദ്ധതിയായി കൊല്ലത്തെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 96 സെന്റ് ഭൂമിയിൽ 86080 ചതുരശ്ര അടി വിസ്തൃതിയിൽ ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് 28.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിൻഫ്രയെ പദ്ധതി നടത്തിപ്പിനുള്ള ഏജൻസിയായി ചുമതലപ്പെടുത്തിക്കൊണ്ട് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളും പ്രതീക്ഷിത പ്രയോജനങ്ങളും സംബന്ധിച്ച വിവരം ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ; | (ബി) | വ്യവസായ മേഖലയുടെ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്കാവശ്യമായ വിവിധ സാങ്കേതിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന കോമൺ ഫെസിലിറ്റി സെന്ററിൽ ഉൾപ്പെടുത്തി സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിനും സംരംഭകർക്കാവശ്യമായ വിവിധ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. |
| (സി) | പ്രസ്തുത പദ്ധതി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായിട്ടാണോ അതോ പ്രത്യേക എന്റിറ്റി എന്ന നിലയിലാണോ വിഭാവനം ചെയ്യുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ